കുടുംബശ്രീ
# പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 36



കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായുള്ള ആധുനിക പൗൾട്രി പ്രോസസിങ്ങ് പ്ളാന്റിന്റെ ശിലാസ്ഥാപനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ നിർവഹിക്കുന്നു

# കേരള ചിക്കൻ പദ്ധതി ലോകത്തിനു മികച്ച സംരംഭ മാതൃകയാകും : മന്ത്രി എ.സി മൊയ്തീൻ

**ആധുനിക പൗൾട്രി പ്രോസസിങ്ങ് പ്ളാന്റ്, ബ്രോയ്‌ലർ പേരന്റ് സ്റ്റോക്ക് ഫാം എന്നിവയുൾപ്പെടെയുള്ള ആദ്യ മേഖലാ കേന്ദ്രം കഠിനംകുളത്ത്**

കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതി ലോകത്തിനു മുന്നിൽ മികച്ച സംരംഭ മാതൃകയായി മാറുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ പറഞ്ഞു. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കഠിനംകുളത്ത് ആരംഭിക്കുന്ന ആദ്യ മേഖലാ കേന്ദ്രത്തിലെ ആധുനിക പൗൾട്രി പ്രോസസിങ്ങ് പ്ളാന്റിന്റെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മേഖലാ കേന്ദ്രത്തിൽ ആരംഭിക്കുന്ന ബ്രോയ്‌ലർ സ്റ്റോക്ക് പേരന്റ് ഫാമിന്റെ ശിലാസ്ഥാപനം വനം-വന്യജീവി-മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ.കെ.രാജുവും നിർവഹിച്ചു. സെപ്റ്റംബറോടെ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന പേരിൽ കോഴിയിറച്ചി വിപണിയിലെത്തിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിനായി കുടുംബശ്രീയുടെ കീഴിലുള്ള മുഴുവൻ കർഷകരെയും ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (കെ.ബി.എഫ്.പി.സി.എൽ) രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ മേഖലാ യൂണിറ്റാണ് കഠിനംകുളത്ത് വരുന്നത്.

കേരളത്തിന് ആവശ്യമായ ഗുണനിലവാരമുള്ള ഇറച്ചിക്കോഴി മിതമായ നിരക്കിൽ ആവശ്യക്കാരിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ചിക്കൻ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിനു പുറത്തു നിന്നും എത്തുന്ന ഇറച്ചിക്കോഴിക്ക് കൂടുതൽ വില കൊടുക്കേണ്ടി വരുന്നു. കുടുംബശ്രീ കേരള ചിക്കൻ പദ്ധതി നടപ്പാക്കുന്നതോടെ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നം ലഭ്യമാക്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയും. പദ്ധതിയുടെ ഭാഗമായി 1000 കോഴികളെ വീതം വളർത്താൻ കഴിയുന്ന 5000 കർഷകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും മികച്ച സംരംഭകരാക്കി മാറ്റുന്നതിനും കുടുംബശ്രീ ലക്ഷ്യമിടുന്നു. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നീ മൂന്നു മേഖലാ കേന്ദ്രങ്ങളിലും പ്രോസസിങ്ങ് യൂണിറ്റുകളും ബ്രോയ്‌ലർ പേരന്റ്സ്റ്റോക്ക് ഫാമുകളും ആരംഭിക്കുന്നതോടെ സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴിയെ ഉൽപാദിപ്പിച്ച് വിപണനം നടത്താൻ കഴിയും. ഇതോടൊപ്പം സംസ്ഥാനത്ത് കേരള ചിക്കന്റെ വിപണനം ശക്തമാക്കുന്നതിന്റെ ഭാഗമായി ജില്ലകൾ തോറും ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതോടെ ആ മേഖലയിലും നൂറുകണക്കിന് കുടുംബശ്രീ വനിതകൾക്ക് തൊഴിലവസരം ലഭിക്കും. ഗുണനിലവാരം കൊണ്ടും വനിതകൾക്ക് തൊഴിൽ ലഭ്യത കൊണ്ടും ഏറെ പ്രയോജനകരമായ പദ്ധതിയായി കേരള ചിക്കൻ പദ്ധതി മാറും. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സംരംഭകത്വമേഖലയിൽ കുടുംബശ്രീയെ വളർത്തുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

ഇറച്ചിക്കോഴി ഉൽപാദന രംഗത്ത് കേരളത്തെ സ്വയംപര്യാപ്തമാക്കാൻ കുടുംബശ്രീയുടെ കേരള ചിക്കൻ പദ്ധതിക്കു കഴിയുമെന്ന് മന്ത്രി അഡ്വ.കെ.രാജു പറഞ്ഞു. സംസ്ഥാനത്ത് ആവശ്യമായതിന്റെ 25 ശതമാനം മാത്രമേ ഉൽപാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ബാക്കി ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതാണ്. കേരള ചിക്കൻ പദ്ധതി വഴി ഗുണനിലവാരമുള്ള കോഴിയിറച്ചിയുടെ ഉൽപാദനവും വിപണനവും ശക്തമാക്കുന്നതിനും കർഷകനും ഉപഭോക്താവിനും ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

മലയാളിക്ക് ഗുണനിലവാരമുള്ള ചിക്കൻ ലഭ്യമാക്കുന്നതോടൊപ്പം നൂറുകണക്കിന് കുടുംബശ്രീ വനിതകൾക്ക് തൊഴിലവസരങ്ങളൊരുക്കി കൊണ്ട് ഈ മേഖലയിൽ മികച്ച വനിതാ സംരംഭകരെ വളർത്തിയെടുക്കുക എന്ന വലിയ ലക്ഷ്യത്തോടെയാണ് കേരള ചിക്കൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്ന് അധ്യക്ഷ പ്രസംഗത്തിൽ ഡെപ്യൂട്ടി സ്പീക്കർ വി.ശശി പറഞ്ഞു.

കേരളത്തിൽ തന്നെ ആദ്യത്തെ ഐ.എസ്.ഒ 22000 സർട്ടിഫൈഡ് പൗൾട്രി പ്രോസസിങ് പ്ലാന്റാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ കഠിനംകുളത്ത് തുടങ്ങുന്നത്. പൗൾട്രി പ്രോസസിങ്ങ് പ്ളാന്റ് പ്രവർത്തന സജ്ജമാകുന്നതോടെ മണിക്കൂറിൽ 1000 കോഴികളെ ഇറച്ചിയാക്കി പായ്ക്ക് ചെയ്യാൻ കഴിയും. കൂടാതെ ബ്രീഡർ ഫാമുകൾ വഴി ആഴ്ചയിൽ 60,000 കോഴിക്കുഞ്ഞുങ്ങളെയും ഉൽപാദിപ്പിക്കാൻ കഴിയും.

കെ.ബി.എഫ്.പി.സി.എൽ മാനേജിങ്ങ് ഡയറക്ടർ പ്രസന്ന കുമാരി സ്വാഗതം ആശംസിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ മുഖ്യപ്രഭാഷണവും പ്രോഗ്രാം ഓഫീസർ നികേഷ് കിരൺ വിഷയാവതരണവും നടത്തി. കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ഫെലിക്സ്, കുടുംബശ്രീ ഡയറക്ടർ ആശാ വർഗീസ്, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ.സുനിൽ കുമാർ പി.സി, കെ.ബി.എഫ്.പി.സി.എൽ ഡയറക്ടർമാരായ ഉഷാറാണി, ഷൈജി എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ.കെ.ആർ ഷൈജു കൃതജ്ഞത അറിയിച്ചു. പരിപാടിയോടനുബന്ധിച്ച് 'കെ.ബി.എഫ്.പി.സി.എൽ-കേരളത്തിലെ ബ്രോയ്‌ലർ കർഷകർക്ക് പുതിയ പ്രതീക്ഷ' എന്ന വിഷയത്തിൽ സംരംഭകർക്കായി സെമിനാറും സംഘടിപ്പിച്ചു.

# നഗരങ്ങളിൽ 12,000 യുവതീയുവാക്കൾക്ക് കൂടി സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനം




കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, പരിശീലന ഏജൻസി പ്രതിനിധികൾക്ക് ധാരണാപത്രം കൈമാറുന്നു. കുടുംബശ്രീ ഡയറക്ടർ ആശാ വർഗീസ്, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ പി. രാജേഷ് കുമാർ എന്നിവർ സമീപം.

കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പിലാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ (എൻ.യു.എൽ.എം) ഭാഗമായി നഗരപ്രദേശങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീയുവാക്കൾക്ക് സൗജന്യ നൈപുണ്യ പരിശീലനവും തൊഴിലും നൽകുന്ന എംപ്ലോയ്മെന്റ് ത്രൂ സ്കിൽ ട്രെയിനിംഗ് ആൻഡ് പ്ലേസ്മെന്റ് (ഇ.എസ്.ടി.പി) പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് തുടക്കമായി. തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. മൂന്നാം ഘട്ട ത്തിൽ 93 നഗരങ്ങളിലെ 12,000 പേർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 35 പരിശീലന ഏജൻസികളുമായി കുടുംബശ്രീ ധാരണയിലെത്തി. കുടുംബശ്രീ ഡയറക്ടർ ആശാ വർഗീസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

2016ലാണ് എൻ.യു.എൽ.എമ്മിന്റെ ഭാഗമായി കുടുംബശ്രീ നൈപുണ്യ പരിശീലനം നൽകി തുടങ്ങിയത്. ഇതുവരെ 16,000 പേർക്ക് പരിശീലനം നൽകി കഴിഞ്ഞു. എട്ടാം ക്ലാസ്സ് മുതൽ ബിരുദം വരെ യോഗ്യതയുള്ളവർക്ക് പദ്ധതിയുടെ ഭാഗമായി വിവിധ കോഴ്സുകളിൽ പരിശീലനം നേടാനാകും. മൂന്ന് മാസം മുതൽ എട്ടരമാസം വരെ കാലാവധിയുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എൻ.എസ്.ഡി.സി (നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ) സർട്ടിഫിക്കറ്റാകും ലഭിക്കുക. 12,000ത്തിൽ 5300 പേർക്ക് റസിഡൻഷ്യൽ രീതിയിൽ പരിശീലനം നേടാനാകും. താമസവും ഭക്ഷണവും സൗജന്യമാണ്.

അതാത് നഗരസഭകളിലെ കുടുംബശ്രീയുടെ സിഡിഎസ് ഓഫീസുകളിൽ നിന്നോ കുടുംബശ്രീ ദേശീയ നഗര ഉപജീവന ദൗത്യം ഓഫീസിൽ നിന്നോ 155330 എന്ന ടോൾഫ്രീ നമ്പരിൽ (കുടുംബശ്രീ എൻ.യു.എൽ.എം നൈപുണ്യ പരിശീലനത്തിനായുള്ള പ്രത്യേക നമ്പർ) നിന്നോ വിശദ വിവരങ്ങൾ ലഭിക്കും. വിവരസാങ്കേതിക വിദ്യ, ടെലികോം, ഓട്ടോമോട്ടീവ്, ടൂറിസം, അക്കൗണ്ടിങ്, ഇലക്ട്രോണിക്സ്, ആയുർവേദം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ കോഴ്സുകളുണ്ട്. അക്കൗണ്ടന്റ്, ഫീൽഡ് എഞ്ചിനീയർ- ഇലക്ട്രോണിക്സ്, ആയുർവേദ സ്പാ തെറാപ്പിസ്റ്റ്, ജൂനിയർ സോഫ്ട്‌വെയർ ഡെവലപ്പർ, ഫാഷൻ ഡിസൈനർ, കാഡ് ഡിസൈനർ തുടങ്ങിയ 54 കോഴ്സുകളിൽ പരിശീലനം നൽകുന്നു.

ചടങ്ങിൽ എൻ.യു.എൽ.എം പ്രൊജക്ട് അസിസ്റ്റന്റ് അഞ്ജു ആനന്ദ് സ്വാഗതം ആശംസിച്ചു. കുടുംബശ്രീ സ്റ്റേറ്റ് മിഷൻ മാനേജർമാരായ പി. രാജേഷ് കുമാർ, എസ്. മേഘ്ന എന്നിവർ സംസാരിച്ചു. പ്രൊജക്ട് അസിസ്റ്റന്റ് അദിതി മോഹൻ നന്ദി പറഞ്ഞു.

# മൊബൈൽ പച്ചക്കറി യൂണിറ്റിന് തിരുവനന്തപുരത്ത് തുടക്കം



ജില്ലയിലെ നഗരപ്രദേശങ്ങളിൽ ആവശ്യക്കാർക്ക് തീർത്തും ജൈവികമായ രീതിയിൽ കൃഷി ചെയ്ത പച്ചക്കറികൾ ലഭ്യമാക്കുക ലക്ഷ്യമിട്ട് കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ നടപ്പിലാക്കുന്ന മൊബൈൽ പച്ചക്കറി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. ജില്ലാ പഞ്ചായത്തുമായി സംയുക്തമായി ചേർന്നാണ് കുടുംബശ്രീ ഈ പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു മൊബൈൽ പച്ചക്കറി യൂണിറ്റിന്റെ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു. ആദ്യവിൽപ്പന നഗരസഭ മേയർ വി.കെ. പ്രശാന്ത് നിർവ്വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു സ്വാഗതം പറഞ്ഞു.

സെക്രട്ടറിയേറ്റ്, നഗരസഭാ കാര്യാലയം തുടങ്ങി നഗരത്തിലെ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും വിവിധ നഗര കേന്ദ്രങ്ങളിലും ഈ മൊബൈൽ യൂണിറ്റിന്റെ പ്രയോജനം ലഭിക്കും. ജോലിക്ക് പോകുന്ന വീട്ടമ്മമാർക്ക് ഏറെ പ്രയോജനപ്രദമാകുന്ന രീതിയിൽ റെഡി ടു കുക്ക് - കട്ട് വെജിറ്റബിളും യൂണിറ്റിലൂടെ ലഭിക്കും.

പെരുങ്കടവിള പഞ്ചായത്തിലെ കുടുംബശ്രീ കൃഷിസംഘമായ ഒരുമയാണ് ഈ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം നടത്തുന്നത്. കുടുംബശ്രീ കൃഷി സംഘങ്ങളിൽ നിന്ന് ശേഖരിക്കുന്ന ഉത്പന്നങ്ങളാണ് വിൽക്കുക. പാലും മുട്ടയും മൊബൈൽ യൂണിറ്റിലൂടെ ലഭിക്കും. ചെലവായ അഞ്ച് ലക്ഷം രൂപ ബാങ്ക് വായ്പയായാണെടുത്തത് ഇതിൽ 2 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് സബ്സിഡിയാണ്. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, മറ്റ് ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ ഷാനിമോൾ നന്ദി പറഞ്ഞു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S, E-mail: prteamkshreeho@gmail.com